പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1078 — 04.02.2019-ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പ് കരിമ്പട്ടികയിൽപ്പെടുത്തിയ കരാറുകാർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ബി.ഗണേഷ് കുമാർ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് റോഡ്, പാലം പ്രവൃത്തികളുടെ കരാർ ഒപ്പുവച്ച ശേഷം കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞാലും വർഷങ്ങളോളം പ്രവൃത്തി പൂർത്തിയാക്കാതിരിക്കുന്നത് പതിവാക്കിയിട്ടുള്ള ചില കരാറുകാരുടെ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കരാർ വ്യവസ്ഥകൾ പാലിക്കാത്തതിന് ഏതെങ്കിലും കരാറുകാരെ പൊതുമരാമത്ത് വകുപ്പ് കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016 ജൂൺ മുതൽ 2018 ഡിസംബർ വരെയുള്ള കാലയളവിൽ കരിമ്പട്ടികയിൽ ഉൾപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ശ്രീ. ബ്ലസ്സൻ ജോർജ്, കോട്ടയം, ശ്രീ. കെ.സി. ആന്റണി, ഇടുക്കി, ശ്രീ. ടി.പി. ആന്റണി, ആലുവ, ശ്രീ. പി. ശ്യാംരാജു, ആലപ്പുഴ, M/s.Concord Constructions, Kanhangad എന്നീ കരാറുകാരെ/കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) 2001 ജനുവരി മുതൽ 2018 ഡിസംബർ വരെയുള്ള കാലയളവിൽ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ കരാർ ഒപ്പിട്ട് പ്രവൃത്തി ആരംഭിക്കുകയും എന്നാൽ കാലാവധിക്കുള്ളിൽ നിശ്ചിത പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ പ്രകാരം തന്നെയുള്ള ജോലിക്ക് | (സി) പ്രവൃത്തി പൂർത്തിയാക്കാതെ അധികരിച്ച തുക ആവശ്യപ്പെട്ട കരാറുകാരുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. ടി അനുബന്ധത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മരുതംകുഴി പാലം നിർമ്മാണത്തിന്റെ കരാറുകാരനായ ശ്രീ. ജി. സുകുമാരനും, വിഴിഞ്ഞം പാലത്തിന്റെ കരാറുകാരനായ ശ്രീ. ഡി ജോണിക്കും, ഉള്ളൂർ - ആക്കുളം റോഡിന്റെ കരാറുകാരനായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ഭൂമി ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | അധികരിച്ച തുക ആവശ്യപ്പെടുകയും ചെയ്ത പൊതുമരാമത്ത് റോഡ്, പാലം കരാറുകാർ ആരൊക്കെയെന്നും ഏത് പ്രവൃത്തികൾക്ക് എന്നും ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് അധികരിച്ച തുക നൽകിയെന്നും വ്യക്തമാക്കുമോ; | | കൈമാറുന്നതിൽ വന്ന താമസംമൂലം തടസ്സപ്പെട്ട പ്രവൃത്തികൾക്ക് കരാറിൽ നിന്നും അധികരിച്ച തുക സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ മേൽപ്പറഞ്ഞ ജില്ലകളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അധികരിച്ച തുക ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിനെതിരെ കോടതിയിൽ കേസ് നൽകിയിട്ടുള്ള റോഡ്, പാലം കരാറുകാർ ആരൊക്കെയെന്നും ഏതെല്ലാം കോടതികളിലാണെന്നും ഏത് പ്രവൃത്തിയുടെ പേരിലാണെന്നും കേസ് നമ്പറുകൾ ഏതെല്ലാമാണെന്നും പ്രസ്തുത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിനെതിരെ കോടതിയിൽ കേസ് നൽകിയിട്ടുള്ള കരാറുകാരുടെ വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ പത്തനംതിട്ട ജില്ലയിൽ കടമ്പനാട് - മണ്ണടി - ഏനാത്ത് - എഴാംകുളം റോഡ് പണി പൂർത്തീകരിക്കാതെ കരാർ പ്രകാരം തന്നെയുള്ള പ്രവൃത്തിക്ക് തുക ആവശ്യപ്പെട്ട് ജോസഫ് & സൺസ് എന്ന കരാറുകാരൻ പത്തനംതിട്ട ജില്ലാ കോടതിയിൽ CASE OP (ARB) 59/2011 OP(ARB) 33/2012 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ജഡ്ജ്മെന്റിനായി 11.02.2019-ലേക്ക് റിസർവ്വ് ചെയ്തിരിക്കുകയാണ്. |
| (ഇ) | കരിമ്പട്ടികയിൽപ്പെടുത്തുകയോ ടെർമിനേറ്റ് ചെയ്യപ്പെടുകയോ ചെയ്തവരും പ്രവൃത്തി പൂർത്തീകരിക്കാതെ വർഷങ്ങളോളം ഇഴച്ചു നീക്കുകയും ചെയ്യുന്നവരായ ചില കരാറുകാരും സ്വന്തം പേരിലല്ലാതെ ബന്ധുക്കളുടെയോ മറ്റാരുടെയെങ്കിലുമോ പേരിൽ കരാർ ലൈസൻസ് കരസ്ഥമാക്കി പൊതുമരാമത്ത് പ്രവൃത്തികളെ മന്ദഗതിയിലാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇതിനെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ഇ) | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മതിയായ കാരണമില്ലാതെ ക്രമാതീതമായി കാലതാമസം വരുത്തുന്ന കരാറുകാരെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പ്രവൃത്തി പൂർത്തിയാക്കാതെ അധികരിച്ച തുക ആവശ്യപ്പെട്ട

## കരാറുകാരുടെ വിശദാംശം

| ക്രമ. നം. | ജില്ല | പ്രവൃത്തി | കരാറുകാരൻ |
|---|---|---|---|
| 1. | തിരുവനന്തപുരം | മരുതംകുഴിപാലം | ശ്രീ. ജി. സുകുമാരൻ, അശ്വതി കൺസ്ട്രക്ഷൻ കമ്പനി. |
| 2. | തിരുവനന്തപുരം | വിഴിഞ്ഞം പാലം | ശ്രീ. ഡി. ജോണി |
| 3. | തിരുവനന്തപുരം | അയിലം പാലം | ശ്രീ. എസ്. സതീഷ്, കെ.എൻ. സത്യപാലൻ & കമ്പനി. |
| 4. | തിരുവനന്തപുരം | ഉള്ളൂർ ആക്കുളം റോഡ് | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ |
| 5. | കൊല്ലം | Construction of Bridge at Kavilkadavu (Kamukumcherry) across Kallada river in Pathanapuram | ശ്രീ. ജോസ് തോമസ് |
| 6. | കൊല്ലം | NABARD-RIDF-Construction of a bridge at Arattupuzha kadavu connecting pattazhy Vadakkekkara Panchayath | ശ്രീ. ജോസ് തോമസ് |
| 7. | കൊല്ലം | Improvements to Channapetta – Oilpalm road 0/000 to 2/800 km. | ശ്രീ. കെ. സോദരൻ |
| 8. | കൊല്ലം | Construction of Dhalavapuram – Pallikkodi bridge in | ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി |

| | | | |
|---|---|---|---|
| | | Chavara LAC | |
| 9. | കൊല്ലം | NABARD - RIDF - Recostruction of Muttakkavu bridge across Pallimon river in Kollam | ശ്രീ. ജോസ് തോമസ് |
| 10. | ആലപ്പുഴ | Nabard Reconstruction of Twin Box culvert at Chennavely and Chethi in Alappuzha-Arthunkal SH in Cherthala LAC | ശ്രീ.എം. ബഷീർ |

സെക്ഷൻ ഓഫീസർ

അനുബന്ധം -2

## പൊതുമരാമത്ത് വകുപ്പിനെതിരെ കോടതിയിൽ കേസ് നൽകിയിട്ടുള്ള കരാറുകാരുടെ വിവരം.

| ക്രമ. നം. | ജില്ല | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കോടതിയുടെ പേരും കേസ് നമ്പരും | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | വിഴിഞ്ഞംപാലം | ശ്രീ. ഡി. ജോണി | High Court of Kerala<br>1. WP(C) No. 11926/2015.<br>2. WP(C) No. 7493/2018 | അധികരിച്ച തുക നൽകി.<br><br>അധികരിച്ച തുക അപര്യാപ്തമാണെന്നും കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ടും ഉള്ള കേസ്. ഇത് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| 2. | തിരുവനന്തപുരം | അയിലം പാലം | ശ്രീ. എസ്. സതീഷ് | High Court of Kerala<br>1. WP(C) No. 22807/2017A. | ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| 3. | കൊല്ലം | Construction of Bridge at Kavilkadavu (Kamukumcherry) across Kallada river in Pathanapuram | ശ്രീ. ജോസ് തോമസ് | WP(C) No. 37396 of 2010 dated 16-03-2011 | കേസ് തീർപ്പായിട്ടില്ല |
| 4. | കൊല്ലം | NABARD-RIDF- Construction of a bridge at Arattupuzha kadavu connecting pattazhy Vadakkekkara Panchayath | ശ്രീ. ജോസ് തോമസ് | | G.O(Rt) No. 4471/2011/PWD, dated 01/03/2011 ലെ ഉത്തരവ് പ്രകാരം അധികരിച്ച തുക നൽകി |
| 5. | കൊല്ലം | Improvements to | ശ്രീ. കെ. | O.S. 26/2008, Sub Court, | കേസ് കോടതിയിൽ തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | Channapetta – Oilpalm road 0/000 to 2/800 km. | സോദരൻ | TVPM | |
| 6. | കൊല്ലം | Construction of Dhalavapuram – Pallikkodi bridge in Chavara LAC | ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി | O.S. No.123/2013, Sub Court Karunagappally | കേസ് കോടതിയിൽ തുടരുന്നു. |
| 7. | കൊല്ലം | NABARD – RIDF – Recostruction of Muttakkavu bridge across Pallimon river in Kollam | ശ്രീ. ജോസ് തോമസ് | O.S. No. 19/2015 of Hon'ble Sub Court, Kollam | കേസ് കോടതിയിൽ തുടരുന്നു. |
| 8. | ആലപ്പുഴ | Nabard Reconstruction of Twin Box culvert at Chennavely and Chethi in Alappuzha-Arthunkal SH in Cherthala LAC | ശ്രീ.എം. ബഷീർ | Case No. 147/2009 in Cherthala Sub Court | കേസ് കോടതിയിൽ തുടരുന്നു. |

സെക്ഷൻ ഓഫീസർ